പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1311

02.03.2017-ൽ മറുപടിക്ക്

## എ. ഐ. സി. റ്റി. ഇ. നിബന്ധന അനുസരിച്ചുള്ള ലക്ചറർ, വിദ്യാർത്ഥി അനുപാതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് കുന്നപ്പിള്ളി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പോളിടെക്നിക്കുകളിൽ എ. ഐ. സി. റ്റി. ഇ. നിബന്ധന അനുസരിച്ചുള്ള ലക്ചറർ, വിദ്യാർത്ഥി അനുപാതം നിലവിലുണ്ടോ; | (എ) കേരളത്തിലെ പോളിടെക്നിക്കുകളിൽ 21.12.1998 ലെ ജി.ഒ (എം.എസ്) നം. 158/98/ഉവിവ പ്രകാരമുള്ള സ്റ്റാൻഡേർഡ് സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എ. ഐ. സി. റ്റി. ഇ. സ്റ്റാഫ് സ്ട്രക്ചർ അനുസരിച്ചാണ് ഇവ തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) എ. ഐ. സി. റ്റി. ഇ. നിബന്ധന പ്രകാരം ലക്ചറർ, വിദ്യാർത്ഥി അനുപാതം എത്രയാണ്; നിലവിലുള്ള അനുപാതം എത്രയാണ്; | (ബി) എ. ഐ. സി. റ്റി. ഇ. നിബന്ധന പ്രകാരമുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം (അവലംബം -EOA മാന്വൽ, 2016) താഴെ പറയുന്നു. |

| ജോലി സ്വഭാവം | വിദ്യാർത്ഥികൾ/ ബാച്ച് |
|---|---|
| 1) തിയറി ലക്ചർ ക്ലാസ് | 40 മുതൽ 60:1 |
| 2) ട്യൂട്ടോറിയൽ | 20:1 |
| 3) ലാബ് പ്രാക്ടിക്കൽ/ വർക്ക്ഷോപ്/ഡ്രോയിംഗ് | 20:1 |
| 4) പ്രൊജെക്റ്റ് | 5:1 |

നിലവിൽ പിന്തുടരുന്ന ഗവൺമെന്റ് ഉത്തരവായ 21/12/1998 ജി.ഓ.(എം.എസ്) നം.158/98/ഉ.വി.വ. പ്രകാരം സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത് വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനമാക്കിയല്ല. നിലവിലെ സ്ഥിതിയിൽ ഓരോ ബ്രാഞ്ചിലും ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് ഉൾപ്പെടെ 7 തസ്തികകളാണുള്ളത്. 60 വിദ്യാർത്ഥികൾ ഒരു ഡിപ്ലോമ ബാച്ചിൽ

| | |
|---|---|
| | പരിഗണിക്കുമ്പോൾ ഇത് 1:22.5 (180 വിദ്യാർത്ഥികൾക്ക് 8 അദ്ധ്യാപകർ) ആണ്. ഇതിനു പുറമെ പൊതു വിഷയങ്ങൾക്ക് 4 ലക്ചറർ തസ്തിക ഓരോ സ്ഥാപനത്തിലും നിലവിലുണ്ട്. |
| (സി) ലക്ചറർമാരുടെ കുറവ് മൂലം വട്ടിയൂർക്കാവ് പോളി ടെക്നിക്കിന് എ. ഐ. സി. റ്റി. ഇ. അംഗീകാരം റദ്ദാക്കിയോ; | (സി) & (ഡി) വട്ടിയൂർക്കാവ് പോളിടെക്നിക്കിൽ എ. ഐ. സി. റ്റി. ഇ. ടീം നടത്തിയ ഇൻസ്പെക്ഷനിൽ കണ്ടെത്തിയ ഇരുപതോളം പോരായ്മകളിൽ ഒരെണ്ണം സ്ഥാപനത്തിന് എ. ഐ. സി. റ്റി. ഇ. നിബന്ധന പ്രകാരമുള്ള ലക്ചറർ തസ്തികകൾ കുറവാണെന്നതായിരുന്നു. മേൽപ്പറഞ്ഞ പോരായ്മകൾ കാരണം സ്ഥാപനത്തിന്റെ 2016-17-ലേക്കുള്ള തുടർ അംഗീകാരം റദ്ദാക്കുകയും ചെയ്തിരുന്നു. അപാകതകൾ പരിഹരിച്ച് അംഗീകാരം നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 7.8.16 ലെ ജി.ഒ (എം.എസ്) നം. 175/16/ഉവിവ സർക്കാർ ഉത്തരവനുസരിച്ച് വിവിധ ബ്രാഞ്ചുകളിലായി 26 ലക്ചറർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) ലക്ചറർമാരുടെ അനുപാതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ